കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്- ഏളയടം ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വടകര, കോഴിക്കോടിനെ, കോഴിക്കോട് ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന കെട്ടിടം, പാലം, റോഡ് എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ (സാധാ.)നം.971/2010/തസ്വഭവ തിരുവനന്തപുരം, തീയതി : 22.03.2010

---

പരാമർശം:- (1) സ.ഉ.(എം.എസ്) നമ്പർ: 133/07/തസ്വഭവ തീയതി 18.05.2007.

(2) ഏളയടം ലേബർ കോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഡി.2737,വടകര സെക്രട്ടറിയുടെ അപേക്ഷ.

(3) 27.01.2010- ലെ ഗ്രാമവികസനകമ്മീഷണറുടെ 12694/ഡി.പി4/07/സി.ആർ.ഡി നമ്പർ കത്ത്.

(4) 02.03.2010 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതലകോ-ഓർഡിനേഷൻ സമിതി തീരുമാനം നമ്പർ:2.19.

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരം, വടകര, ഏളയടം ലേബർകോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി നിശ്ചയിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിലെ ഇളയിടം ലേബർകോൺട്രാക്ട് സൊസൈറ്റിയെ ജില്ലയിലെ റോഡ്, പാലം, കെട്ടിടം എന്നീ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തുനടത്തുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി അംഗീകരിക്കുന്നതിന് അക്രഡിറ്റേഷൻ സംബന്ധിച്ച സമിതി പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

(2) 02.03.2010 - ലെ വികേന്ദ്രീകൃതാസൂത്രണസംസ്ഥാനതലകോ-ഓർഡിനേഷൻസമിതി യോഗം ഇക്കാര്യം ചർച്ച ചെയ്ത് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന കെട്ടിടം, പാലം, റോഡ് എന്നീ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള അക്രഡിറ്റഡ് ഏജൻസിയായി വടകര, ഏളയടം ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റിയെ അംഗീകരിച്ച് ഉത്തരവാകുന്നു.

(3) പൊതുമരാമത്ത് വകുപ്പിൽ സി ക്ലാസ് കോൺട്രാക്ടേഴ്സ് ലൈസൻസ് ഉള്ള കരാറുകാർക്ക് ഏൽപ്പിച്ചുകൊടുക്കാവുന്ന തുകയ്ക്ക് തുല്യമായ (15 ലക്ഷം രൂപ വരെ അടങ്കൽ

തുകയുള്ള) പൊതുമരാമത്ത് പ്രവൃത്തികൾ മാത്രമേ ഈ ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കാൻ പാടുള്ളൂ.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
അന്നമ്മ ഡാനിയേൽ,
അഡീഷണൽ സെക്രട്ടറി.

സെക്രട്ടറി, എളയടം ലേബർ കോൺട്രാക്ട് ആൻറ് കൺസ്ട്രക്ഷൻ കോ-ഓപ്പറേറ്റീവ്-
സൊസൈറ്റി ലിമിറ്റഡ് നം.ഡി.2737, കടമേരി, വടകര, കോഴിക്കോട് - 673542.
ഗ്രാമവികസനകമ്മീഷണർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
സെക്രട്ടറി, ജില്ലാ ആസൂത്രണസമിതി, കോഴിക്കോട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
ഡയറക്ടർ, കില, തൃശ്ശൂർ.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ